**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4249** **18-07-2022 - ൽ മറുപടിയ്ക്ക്**

**കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ പ്രവർത്തിച്ചിരുന്ന പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം നൂലിന്റെ ക്ഷാമത്തെത്തുടർന്ന് അടച്ചുപൂട്ടേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള നെയ്ത്ത് ജോലികൾ നടന്നു വന്നിരുന്ന പ്രസ്തുത സംഘത്തിൽ തറികൾ യഥാസമയം അറ്റകുറ്റ പണികൾ നടത്താതിരുന്നതിനെ തുടർന്ന് ഗുണമേന്മയുള്ള കൈത്തറി യൂണിഫോം തുണി ഉല്പാദിപ്പിക്കുവാൻ കഴിയാതെ വരികയും സ്കൂൾ യൂണിഫോം നെയ്ത്ത് ജോലികൾ നിർത്തി വയ്ക്കേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തു. സംഘത്തിൽ ഉല്പാദനത്തിനുള്ള നൂൽ ക്ഷാമം ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽ പട്ടികവർഗ്ഗ വകുപ്പിനും സർക്കാർ സ്കൂളുകൾക്ക് യൂണിഫോമിനും വേണ്ടിയുള്ള നെയ്ത്ത് നിർത്തിവെക്കേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള നെയ്ത്ത് ജോലികൾ നടന്നു വന്നിരുന്ന പ്രസ്തുത സംഘത്തിൽ തറികൾ യഥാസമയം അറ്റകുറ്റ പണികൾ നടത്താതിരുന്നതിനെ തുടർന്ന് ഗുണമേന്മയുള്ള കൈത്തറി യൂണിഫോം തുണി ഉല്പാദിപ്പിക്കുവാൻ കഴിയാതെ വരികയും സ്കൂൾ യൂണിഫോം നെയ്ത്ത് ജോലികൾ നിർത്തി വയ്ക്കേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തു. സംഘത്തിൽ ഉല്പാദനത്തിനുള്ള നൂൽ ക്ഷാമം ഉണ്ടായിട്ടില്ല. |
| (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് പ്രസ്തുത വ്യവസായ കേന്ദ്രത്തിന്റെ നവീകരണ പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ടോ; | (സി) | കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി സഹകരണ സംഘത്തിന്റെ നവീകരണത്തിനായി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം തയ്യാറാക്കിയ 18,75,000/- രൂപയുടെ പദ്ധതിക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് മുഖേന ധനസഹായം അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നവീകരണത്തിനുശേഷം, നെയ്ത്തുശാലയ്ക്ക് ആവശ്യമായ നൂൽ, മറ്റ് അനുബന്ധ വസ്തുക്കളും ലഭ്യമാക്കുന്നതിലേക്കായി പ്രസ്തുത സംഘത്തിൽ നിന്നും അപേക്ഷ ലഭിച്ച ശേഷം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നവീകരണ പദ്ധതിയ്ക്ക് അനുമതിയും നെയ്ത്തുശാലക്കാവശ്യമായ നൂലിന്റെ ലഭ്യതയും ഉറപ്പാക്കി നെയ്ത്തുശാല വീണ്ടും പ്രവർത്തിപ്പിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ? | (ഡി) | കുളത്തൂപ്പുഴ പട്ടികവർഗ്ഗ കൈത്തറി സഹകരണ സംഘത്തിന്റെ നവീകരണത്തിനായി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം തയ്യാറാക്കിയ 18,75,000/- രൂപയുടെ പദ്ധതിക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് മുഖേന ധനസഹായം അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നവീകരണത്തിനുശേഷം, നെയ്ത്തുശാലയ്ക്ക് ആവശ്യമായ നൂൽ, മറ്റ് അനുബന്ധ വസ്തുക്കളും ലഭ്യമാക്കുന്നതിലേക്കായി പ്രസ്തുത സംഘത്തിൽ നിന്നും അപേക്ഷ ലഭിച്ച ശേഷം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ